Page 1 of 2

താല്പര്യപ്പെടുന്നവർക്ക് അതിനുള്ള അവസരമൊരുക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി ലഭ്യത, ജല ലഭ്യത, എന്നിവ ഉറപ്പായിട്ടുണ്ട്. കൂടാതെ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ഡെഡിക്കേറ്റഡ് പവർ ഡിസ്ട്രിബ്യൂഷൻ ലൈൻ, സെക്യൂരിറ്റി സിസ്റ്റം, വിവിധ അനുമതികൾക്കായുള്ള ഏക ജാലക സംവിധാനം എന്നിവ നിലവിലുണ്ട്. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്ന വ്യവസായ സംരംഭകർക്ക് വേണ്ടി കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ താഴെ പറയുന്നവയാണ്:

കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി പെട്രോകെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ സ്പൈസസ് പാർക്ക്, ഇടുക്കി ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് ഐ.ടി / ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം രണ്ടാംഘട്ട വികസനം, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം, സ്വകാര്യ വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിന് സർക്കാർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കിൻഫ്രയാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. വ്യക്തികൾ, സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്കും വ്യവസായ പാർക്കുകൾ ആരംഭിക്കാം.

കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്

135 (3567) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലാട് കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ എത്ര സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

നെല്ലാട് കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ 68 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിൽ 11 സംരംഭകർക്ക് ബിൽറ്റ് അപ് സ്പേസ് അലോട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്കിൽ കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടോ?

പ്രസ്തുത പാർക്കിൽ നിലവിൽ അലോട്ട് ചെയ്യാൻ ഭൂമിയൊന്നും ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പാർക്ക് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭൂമി മുഴുവൻ അലോട്ട് ചെയ്ത് അലോട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ പ്രസ്തുത പാർക്ക് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല.

ചീമേനിയിലെ വ്യവസായ പാർക്ക്

136(3568) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സുലഭമായി ലഭിക്കുന്ന അടയ്ക്ക, കശുവണ്ടി, കല്ലുമ്മക്കായ (ചിപ്പി) എന്നിവ ഉപയോഗിച്ച് ചീമേനിയിലെ വ്യവസായ പാർക്കിൽ പൊതുമേഖലയിൽ വ്യവസായം കൊണ്ടുവരാൻ കഴിഞ്ഞ സർക്കാർ കാലത്ത് തന്നെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടും വ്യവസായ പാർക്ക് ആരംഭിക്കാൻ വൈകുന്നതെന്തുകൊണ്ടെന്നും ഈ പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ചീമേനി വ്യവസായ പാർക്കിനുള്ള സ്ഥലം നിലവിൽ ഐ.ടി. വകുപ്പിന്റെ കൈവശമാണ്. പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ബഹുനില വ്യവസായ പാർക്കുകൾ

137(3569) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹുനില വ്യവസായ പാർക്കുകൾ (ഗാല) സ്ഥാപിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ എടയാറിൽ ഒരു ബഹുനില വ്യവസായ സമുച്ചയം (ഗാല) പൂർത്തീകരിച്ച് സംരംഭകർക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങളും ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഒരു ഗാലയും നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ ഒരു ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെയും തിരുവനന്തപുരത്ത് ഐ.ടി/ഐ.ടി അധിഷ്ഠിത മേഖല, കിൻഫ്ര ഫിലിം ആന്റ് & വീഡിയോ പാർക്കിന്റെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly